പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 711 — 14/07/2014-ൽ മറുപടിയ്ക്ക്

# കാർഷികമേഖലയിലെ മൂല്യവർദ്ധന പ്രോജക്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി. ജയരാജൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, റ്റി.വി. രാജേഷ് | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**<br>**വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ മൂല്യവർദ്ധന പ്രോജക്ടുകൾ നടപ്പാക്കിത്തുടങ്ങിയോ; | എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ മൂല്യ വർദ്ധന പ്രോജക്ടുകൾ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. |
| ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പ്രോജക്ടുകളിലൂടെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) കൃഷി വകുപ്പിന്റെ മൂല്യ വർദ്ധനവിനുള്ള പ്രോജകട് 2012-13 പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങിൽ നിന്ന് നീര ഉണ്ടാക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല പദ്ധതി നടപ്പാക്കി വരുന്നു. പത്തനംതിട്ട, സി.എ.ആർ.ഡി കൃഷി വിജ്ഞാനകേന്ദ്രം മുഖേന ചക്കയുടെ മൂല്യ വർദ്ധനവിനായും, എസ്.എഫ്.എ.സി മുഖേന നാളികേരത്തിന്റെയും, പഴം, പച്ചക്കറി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ മൂല്യ വർദ്ധനവിനും, എൻ.ഐ.ഐ.എസ്.റ്റി (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി) യും, മിൽമയും ചേർന്ന് ഇഞ്ചിയുടെ സംസ്ക്കരണത്തിനായും, കോന്നിയിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്ഥാപനം മുഖേന പഴം പച്ചക്കറികളുടെ മൂല്യ വർദ്ധനവിനുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) പ്രസ്തുത പ്രോജക്ടുകൾ സംസ്ഥാനത്തെ കാർഷികമേഖലയെ ഏത് രീതിയിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) സംസ്ഥാനത്ത് കാർഷികോല്പ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നു. സീസണിൽ അധിക ഉൽപാദനം മൂലം സ്വാഭാവികമായുണ്ടാകുന്ന വിലക്കുറവും, ഉല്പ്പന്നങ്ങളുടെ തന്നെ നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനും അതിലൂടെ |

ഉൽപാദകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും തദ്വാരാ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. സംരംഭകർക്ക് കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ജീവിത നിലവാരംമെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് വർഷം മുഴുവനും സീസൺ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് ഏറെ സഹായകമാണ് ഈ പദ്ധതികൾ. ഇതിലൂടെ ധാരാളം വിദേശനാണ്യം ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനും സഹായകമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**